71

കേരള സർക്കാർ

*തൊഴിലും പുനരധിവാസവും (ഇ ) വകുപ്പ്*

വിജ്ഞാപനം

ജി. ഒ(എം.എസ്)നമ്പർ. 52/2012/തൊഴിൽ തിരുവനന്തപുരം,തീയതി,27മാർച്ച് 2012

## അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി - 2012

പീഠിക: കേരളത്തിലെ ക്ഷേമനിധി ബോർഡുകൾ / പദ്ധതികൾ പ്രസവാനുകൂല്യം നൽകുന്നത് സ്ത്രീ തൊഴിലാളികളുടെ ശമ്പളം നിലനിർത്തിക്കൊണ്ടാണ്. എന്നാൽ 500 മുതൽ 3000 രൂപ വരെ വ്യത്യസ്ത തോതിലാണ് വിവിധക്ഷേമനിധി ബോർഡുകൾ/പദ്ധതികൾ ഈ സഹായം നൽകുന്നത്. ബോർഡുകൾ/ പദ്ധതികൾ നൽകുന്ന പ്രസവാനുകൂല്യങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനും അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി അർഹതപ്പെട്ട കുറഞ്ഞ വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് ഈ പുതിയ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് പ്രസവകാലയളവിൽ അവരുടെ ശമ്പളം സംരക്ഷിക്കുന്നതിനും, ഓരോ ക്ഷേമനിധി ബോർഡും/ പദ്ധതിയും നിലവിൽ അംഗീകരിച്ചിട്ടുള്ള ആനുകൂല്യം നൽകുന്നതിനോടൊപ്പം, മേൽ ആനുകൂല്യത്തിന്മേൽ ലഭ്യമാകുന്ന തുകയും തൊഴിലാളിയുടെ പ്രസവത്തിന് തൊട്ടുമുമ്പുള്ള 6 ആഴ്ച മുതൽ മൂന്ന് മാസത്തേക്കുള്ള മിനിമം വേതനവും തമ്മിലുള്ള വ്യത്യാസം ഈ പദ്ധതി മുഖേന തൊഴിലാളികൾക്ക് ലഭ്യമാകുമെന്ന് ഉറപ്പാക്കുന്നു.

1) ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും:

(1)ഈ പദ്ധതി 2012 ലെ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി എന്നറിയപ്പെടുന്നു.

(2) ഇതിന് ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(3) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(4) 1) കേരള ടോഡി വർക്കേഴ്സ് ക്ഷേമനിധി ബോർഡ് (1970)

2) കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് (1981)

3) കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് (1985)

4) കേരള കാഷ്യൂ വർക്കേഴ്സ് റിലീഫ് ആൻറ് വെൽഫയർ ഫണ്ട് ബോർഡ് (1988)

5) കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി (1991)

6) കേരള അലക്കുതൊഴിലാളി ക്ഷേമപദ്ധതി (2004)

7) കേരള ബാർബർ ആൻറ് ബ്യൂട്ടീഷ്യൻസ് ക്ഷേമപദ്ധതി (2004)

8) കേരള ഹാൻറ്ലൂം വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്(1989)

9) കേരള അസംഘടിത വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് (1990)

10) കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് (1990)

11) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് (1990)

12) കേരള ടെയിലറിംഗ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്(1995)

13)കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് (1998)

14) കേരള ബീഡി ആൻറ് സിഗാർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് (1996)

15) കേരള ഷോപ്സ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് (2007)

16)കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് (2009)

17) കേരള ആഭരണതൊഴിലാളി ക്ഷേമനിധി ബോർഡ് - (2010)

18)കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി ബോർഡ് (1991)

19)കേരള ആട്ടോമൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളി ക്ഷേമപദ്ധതി (2004)

20)കേരള ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി(2011)

21) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി (2010)

22) കേരള കളിമൺപാത്ര തൊഴിലാളി ക്ഷേമപദ്ധതി (2011)

23)കേരള ക്ഷേത്ര തൊഴിലാളി ക്ഷേമപദ്ധതി (2011)

24) കേരള പാചക തൊഴിലാളി ക്ഷേമപദ്ധതി (2011)

25) കേരള തൊഴിലാളി ക്ഷേമനിധി ഫണ്ട് (1975)

എന്നീ ക്ഷേമനിധി ബോർഡുകളിൽ/പദ്ധതികളിൽ അംഗത്വം നിലനിർത്തിയിട്ടുള്ളവരും നിയമപ്രകാരമുള്ള അംശദായം ഒടുക്കുകയും പദ്ധതി നൽകുന്ന ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ടവരുമായ എല്ലാ സ്ത്രീ തൊഴിലാളികൾക്കും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും. ഏതെങ്കിലും ക്ഷേമനിധി ബോർഡിൽ/ പദ്ധതിയിൽ മിനിമം വേതനത്തെക്കാൾ അധികമായ തോതിൽ പ്രസവാനുകൂല്യം നിശ്ചയിക്കുകയോ നൽകപ്പെടുകയോ ചെയ്യുകയാണെങ്കിൽ അതു നൽകാൻ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡ്/ പദ്ധതി ബാദ്ധ്യസ്ഥമാണ്. കൂടാതെ സർക്കാർ പുതിയതായി ആരംഭിക്കുന്ന ക്ഷേമനിധി ബോർഡ്/പദ്ധതികളെയും സർക്കാർ അനുമതിയോടെ ഇതിൽ ഉൾപ്പെടുത്തുന്നതുമാണ്.

2) <u>നിർവ്വചനങ്ങൾ:</u> ഈ പദ്ധതിയിൽ സന്ദർഭം മറ്റ് പ്രകാരത്തിൽ ആവശ്യപ്പെടാത്ത പക്ഷം

എ) 'പദ്ധതി' എന്നാൽ 2012-ലെ അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി എന്നർത്ഥമാകുന്നു.

ബി) 'തൊഴിലാളി ' എന്നാൽ ഖണ്ഡിക 1 (4) -ലെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും ക്ഷേമനിധി ബോർഡുകളിൽ/പദ്ധതികളിൽ അംഗമായിട്ടിട്ടുള്ള തൊഴിലാളി എന്നാർത്ഥമാകുന്നു

സി) ' ഫണ്ട് ' എന്നാൽ പദ്ധതി നടത്തിപ്പിനായി സർക്കാർ അനുവദിച്ചു നൽകുന്ന തുക എന്നർത്ഥമാകുന്നു.

73

ഡി) 'മിനിമം വേതനം' എന്നാൽ ക്ഷേമനിധി ബോർഡിൽ/പദ്ധതികളിൽ അംഗമായിട്ടുള്ള തൊഴിലാളി ഏർപ്പെട്ടിട്ടുള്ള തൊഴിൽ മേഖലയിൽ 1948-ലെ മിനിമം വേതന നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള മിനിമം കൂലി അല്ലെങ്കിൽ സമാനമേഖലകളിൽ അംഗീകരിച്ചിട്ടുള്ള കൂലി എന്നർത്ഥമാകുന്നു.

ഇ) 'പ്രസവാനുകൂല്യം' എന്നാൽ തൊഴിലാളി അംഗമായിട്ടുള്ള ക്ഷേമനിധി ബോർഡിലെ/പദ്ധതിയിലെ നിയമപ്രകാരം ഒരു തൊഴിലാളിക്ക് ലഭ്യമാകാൻ അർഹതപ്പെട്ട പ്രസവാനുകൂല്യം എന്നർത്ഥമാകുന്നു.

എഫ്) ' വർഷം ' എന്നാൽ സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു.

ജി) 'ബോർഡ് / പദ്ധതി' എന്നാൽ ഖണ്ഡിക 1 (4) -ലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും മേൽ പട്ടികയിലേക്ക് സർക്കാർ ഉത്തരവിൻപ്രകാരം കൂട്ടിച്ചേർക്കുന്നതുമായ ക്ഷേമനിധി ബോർഡുകൾ / പദ്ധതികൾ എന്നർത്ഥമാകുന്നു.

3) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി:

നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ക്ഷേമനിധി ബോർഡുകളിൽ /പദ്ധതികളിൽ അംഗമായിട്ടുള്ളവരും ചട്ടപ്രകാരമുള്ള അംശദായം യഥാക്രമം ഒടുക്കുന്നവരും, ക്ഷേമനിധി ബോർഡുകളിലെ /പദ്ധതികളിലെ നിലവിലുള്ള ചട്ടപ്രകാരം ആനുകൂല്യം ലഭ്യമാക്കുന്നതിന് അർഹമായ അംഗത്വകാലയളവ് പൂർത്തിയായിട്ടുള്ളവരുമായ വനിതാ തൊഴിലാളികൾക്ക് അവരുടെ രണ്ട് പ്രസവങ്ങൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.

(4) പദ്ധതി പ്രകാരമുള്ള പ്രസവാനുകൂല്യം:

ക്ഷേമനിധി ബോർഡിൽ/പദ്ധതിയിൽ അംഗമായിട്ടുള്ള വനിതാ അംഗങ്ങൾക്ക് അവർ അംഗങ്ങളായിട്ടുള്ള ക്ഷേമനിധി ബോർഡിലെ/പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം അർഹമായിട്ടുള്ള പ്രസവാനുകൂല്യത്തോടൊപ്പം, പ്രസവത്തിന് മുമ്പുള്ള ആറാഴ്ച മുതൽ മൂന്ന് മാസത്തേക്കുള്ള മിനിമം വേതനം കണക്കാക്കി, പ്രസവാനുകൂല്യത്തോടൊപ്പം ടി മൂന്ന് മാസത്തേക്കുള്ള മിനിമം വേതനം ലഭ്യമാക്കുന്നതിന് ആവശ്യമായ തുക തൊഴിലാളിക്ക് ലഭ്യമാക്കണമെന്ന് പദ്ധതിയിൽ ലക്ഷ്യം വയ്ക്കുന്നു.

(5) ആനുകൂല്യ വിതരണത്തിൻെറ നടപടിക്രമം:

പദ്ധതി നടത്തിപ്പിൻെറ നിയന്ത്രണാധികാരിയായ ലേബർ കമ്മീഷണർ, ഓരോ വർഷവും പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള ഫണ്ട് മേൽ ആവശ്യാർത്ഥം വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്. സർക്കാർ

അനുമതിയുടെ അടിസ്ഥാനത്തിൽ ലേബർ കമ്മീഷണറുടെ ഉത്തരവിൻപ്രകാരം മേൽ ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് പിൻവലിച്ച് ലേബർ കമ്മീഷണറുടെ പേരി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിലനിർത്തിയിട്ടുള്ള പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആവശ്യാനുസരണം തുക വിനിയോഗിക്കുകയും ചെയ്യേണ്ടതുമാണ്.

ഓരോ ക്ഷേമനിധി ബോർഡിലും/ പദ്ധതിയിലും അംഗമായിട്ടുള്ള തൊഴിലാളി പ്രസവാവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും. പ്രസവാനുകൂല്യം ലഭ്യമാക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി ബോർഡിൻെറ/ പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനൊടൊപ്പം പ്രസവാവധി ആരംഭിച്ച തീയതി മുതൽ മൂന്ന് മാസകാലയളവിലേക്ക് നിയമപ്രകാരം ടി തൊഴിലാളിക്ക് ലഭ്യമാകാൻ അർഹതയുള്ള മിനിമം വേതനം തൊഴിലാളിക്ക് ലഭ്യമാക്കുന്നതിന്, പ്രസവാനകൂല്യമായി തൊഴിലാളിക്ക് ലഭ്യമാകുന്ന തുകയും മൂന്ന് മാസത്തെ അർഹതപ്പെട്ട മിനിമം വേതനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കി ടി തുക തൊഴിലാളിക്ക് ബന്ധപ്പെട്ട ക്ഷേമനിധി ബോർഡ് / പദ്ധതി ഡിമാൻെറ് ഡ്രാഫ്റ്റ് ആയോ തൊഴിലാളിയുടെ ബാങ്ക് അക്കൗണ്ട് മുഖേനയോ തൊഴിലാളിക്ക് നൽകേണ്ടതാണ്. ഇപ്രകാരം തൊഴിലാളി ക്ഷേമനിധി ബോർഡ് / പദ്ധതി അധികമായി തൊഴിലാളിക്ക് നൽകുന്ന തുക സംബന്ധിച്ച വിവരങ്ങൾ, തൊഴിലാളി തുക കൈപ്പറ്റിയ രസീതിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ലേബർ കമ്മീഷണർക്ക് സമർപ്പിച്ച് മേൽ തുക പ്രതിപൂരണം ചെയ്യേണ്ടതാണ്. ക്ഷേമനിധി ബോർഡ് / പദ്ധതി സമർപ്പിക്കുന്ന രേഖകൾ പരിശോധിച്ച് തൊഴിലാളിക്ക് പ്രസവാനുകൂല്യത്തിന് പുറമെ അധികമായി ബോർഡ്/ പദ്ധതി നൽകിയ തുക പരിശോധിച്ച് ബോധ്യപ്പെടുന്ന പക്ഷം ക്ഷേമനിധി ബോർഡിന് / പദ്ധതിക്ക് ലേബർ കമ്മീഷണർ മേൽ തുക പ്രതിപൂരണം ചെയ്ത് നൽകേണ്ടതാണ്. ഇപ്രകാരം വിതരണം ചെയ്യുന്ന തുക സംബന്ധിച്ച വിവരങ്ങൾ ഇതിനായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(6) <u>പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക:</u>

വാർഷിക ബഡ്ജറ്റ് മുഖേന ഗവൺമെൻറ് അനുവദിച്ച് നൽകുന്ന ഫണ്ട് ആയിരിക്കും പദ്ധതി നടത്തിപ്പിനായി വിനിയോഗിക്കേണ്ടത്.

(7) <u>രജിസ്റ്ററുകൾ:</u>

1) മുഴുവൻ പദ്ധതി ഗുണഭോക്താക്കളുടെയും പേരുവിവരങ്ങൾ, ബന്ധപ്പെട്ട ക്ഷേമനിധി ബോർഡിൽ / പദ്ധതിയിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തിക വർഷം കണക്കാക്കി ഏകീകരിച്ച ലിസ്റ്റ് ലേബർ കമ്മീഷണർ സൂക്ഷിക്കേണ്ടതാണ്.

2) പദ്ധതി നടത്തിപ്പിനായി ലഭിക്കുന്ന തുകയുടെ വിവരങ്ങൾ, ബഡ്ജറ്റ് വിഹിതം, ബഡ്ജറ്റ് ശീർഷകം, ഓരോ ബോർഡിനും / പദ്ധതിയ്ക്കും പ്രതിപൂരണം ചെയ്തു നൽകിയ തുകയും, ഉത്തരവിൻെറ വിവരങ്ങളും, റി അപ്രോപ്രിയേഷൻ, അഡീഷണൽ

ആതറൈസേഷൻ മുഖേന ലഭ്യമാകുന്ന തുക എന്നീ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ലേബർ കമ്മീഷണർ സൂക്ഷിക്കേണ്ടതാണ്.

3) ഓരോ ക്ഷേമനിധി ബോർഡും/ പദ്ധതിയും, പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാകുന്ന തൊഴിലാളിയെ സംബന്ധിക്കുന്ന വിവരങ്ങൾ, നൽകിയ തുക, ലേബർ കമ്മീഷണറുടെ ഉത്തരവിൻെറ വിവരങ്ങൾ എന്നിവ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും തൊഴിലാളി രണ്ടിലധികം തവണ പദ്ധതി പ്രകാരമുള്ള ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

4) ഗവൺമെൻറ് ഫിനാൻസ് വിഭാഗം/ അക്കൗണ്ടൻറ് ജനറൽ ഓഫീസിലെ ഓഡിറ്റ് വിഭാഗം നിഷ്കർഷിക്കുന്ന മറ്റ് രജിസ്റ്ററുകൾ.

8)ഓഡിറ്റ്:

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മുഴുവൻ ഇടപാടുകളും ലേബർ കമ്മീഷണറേറ്റിലെ ഫൈനാൻസ് ഓഫീസറുടെയും (ഇൻേറണൽ) അക്കൗണ്ടൻറ് ജനറലിൻെറയും ഓഡിറ്റിംഗിന് വിധേയമായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനിൽ.എക്സ്
ഗവൺമെൻറ് സെക്രട്ടറി

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിൻെറ ഭാഗമാകുന്നതല്ല, എന്നാൽ അതിൻെറ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാകുന്നു)

കേരളത്തിലെ വിവിധ ക്ഷേമനിധി ബോർഡുകൾ/പദ്ധതികൾ നൽകുന്ന പ്രസവാനുകൂല്യങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള പദ്ധതി രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.